

# ധ്വനി

## വിദ്യാലയത്തിന്റെ ശബ്ദം

## മഞ്ഞളാംപുറം യു പി സ്കൂൾ



ജൂൺ - ജൂലൈ 2024

*DWANI*

Month: ***June- July 2024***

Address:

***Manhalampuram UP School***

***Kelakam P O***

***Kelakam***

***Kannur Dist.***

Manager:

**Fr. George Chelamaram**

**Editorial Board**



**Akhil Antony**
Staff Editor



**Sr. Smitha Thresiamma**
Joint Editor



**Sr. Nisha Manuvel**
Joint Editor



**Elsin Chacko**
Student Editor



**Elna Sunil**
Joint Editor

Pages: 27




# മുഖമൊഴി

ഈ പ്രദേശത്തിന്റെ വിദ്യാജ്യോതിസ് മഞ്ഞളാംപുറം യു പി സ്കൂൾ, കേളകം അതിന്റെ സർവ്വപ്രതാപത്തോടു കൂടി ശിരസുയർത്തി നിൽക്കുന്നു. ഇന്നും അഭിമാനത്തോടെ, പഠനപ്രവർത്തനത്തോടൊപ്പം കുട്ടികളിലെ വിവിധങ്ങളായ കഴിവുകളെ പരിപോഷിപ്പിക്കുന്നതിനും പ്രത്യേക പരിഗണന അർഹിക്കുന്നവരെ സഹായിക്കുന്നതിനും സ്കൂളിന്റെയും വിദ്യാർത്ഥികളുടെയും സർവോത്മക വികസനത്തിന് കയ്യും മെയ്യും മറന്ന് പ്രവർത്തിക്കുന്ന ശക്തരായ ഒരു കൂട്ടായ്മയുടെ പ്രവർത്തന കരുത്ത് ഈ വിദ്യാലയത്തിൽ കാണാൻ സാധിക്കും. പൊതു വിദ്യാലയത്തെ അറിയുകയും അതിന് പര്യാപ്തമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കുകയും ചെയ്തു മുന്നേറുകയാണ് ഞങ്ങൾ. ഇതിന് ജനകീയമായി ലഭിക്കുന്ന പ്രോത്സാഹനം ഏറെ അഭിമാനകരമാകുന്നു. വലുതായി ചിന്തിച്ച് ധീരമായി മുന്നേറുന്ന മഞ്ഞളാംപുറം യുപി സ്കൂൾ 2024-25 അധ്യായന വർഷത്തിലേക്ക് പ്രവേശിച്ചിരിക്കുന്നു. നമുക്കൊന്നിച്ച് ഒന്നായി നല്ല ഓർമ്മകൾ നെയ്തു കൂട്ടാം.

**റോസമ്മ പി ഡി**

ഹെഡ്മിസ്ട്രസ്

## താളുകൾ മറിക്കുമ്പോൾ...


**ഓർമ്മകളുടെ ജൂൺ- ജൂലൈ ............ 04**

**നേട്ടങ്ങൾ .............................................. 14**

**കലകളിലൂടെ ..................................... 17**

# ആശംസകളോടെ...



പ്രിയമുള്ളവരെ,

നമ്മുടെ സ്കൂളിന്റെ പ്ലാറ്റിനം ജൂബിലി വർഷത്തിൽ എല്ലാ മാസവും സ്കൂളിലെ വിദ്യാർഥികളുടെ സർഗാത്മക കഴിവുകളെ പരിപോഷിപ്പിക്കുന്നതിനായി ധ്വനി എന്ന പേരിൽ ഒരു മാഗസിൻ ഒരുങ്ങുന്നു എന്നതിൽ ഏറെ സന്തോഷമുണ്ട്. ഈ ഉദ്യമത്തിന് പിന്നിൽ അധ്വാനിച്ച ഏവരെയും അഭിനന്ദിക്കുന്നു. സ്കൂളിന്റെ ലക്ഷ്യങ്ങൾ വിവിധ തലങ്ങളിൽ എല്ലാ കുട്ടികളിലും എത്തിക്കുന്നതിനും പാഠ്യ പാഠ്യേതര പ്രവർത്തനങ്ങൾ, നേട്ടങ്ങൾ, വിദ്യാഭ്യാസ ലക്ഷ്യങ്ങൾ , വിജയമന്ത്രങ്ങൾ എന്നിവ പ്രതിഫലിക്കുന്ന ഒരു മാഗസിൻ ആയി ധ്വനി മാറുമെന്ന് പ്രതീക്ഷിക്കുന്നു. ഈയൊരു പദ്ധതി വഴി സ്കൂളിലെ വിദ്യാർത്ഥികൾക്ക് അവരുടെ കഴിവുകൾ പ്രദർശിപ്പിക്കാനുള്ള ഒരു വേദി ഒരുങ്ങുകയാണ്. ഈ ഉദ്യമം അതിന്റെ വിജയത്തിൽ എത്തിച്ചേരട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം

**റവ: ഫാ. ജോർജ് ചേലമരം**

സ്കൂൾ മാനേജർ

# ജൂബിലി നിറവിൽ

## മഞ്ഞളാംപുറം യു പി സ്കൂൾ

# ഓർമ്മകളുടെ ജൂൺ -ജൂലൈ

## പഞ്ചായത്ത് തല പ്രവേശനോത്സവം



03/06/2024

മഞ്ഞളാംപുറം യു.പി സ്കൂളിൽ പഞ്ചായത്ത് തല പ്രവേശനോത്സവം നടത്തി. ഈ വർഷം പുതുതായി സ്കൂളിലേക്ക് കടന്നു വന്ന കുട്ടികൾക്ക് ബലൂണുകളും സമ്മാനപ്പൊതികളും നൽകി അവരെ ബാൻഡ് സെറ്റിന്റെ അകമ്പടിയോടെ സ്കൂൾ ഹാളിലേക്ക് ആനയിച്ചു.

2024 -25 അധ്യായന വർഷത്തെ പഞ്ചായത്ത് തല സ്കൂൾ പ്രവേശനോത്സവം കേളകം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. സി ടി അനിഷ് നിർവഹിച്ചു. പി.ടി.എ പ്രസിഡന്റ് ശ്രീ. സുജയ് ടി. ജേക്കബ് അധ്യക്ഷത വഹിച്ചു. സ്കൂൾ മാനേജർ റവ ഫാ.ജോർജ് ചേലമരം പ്രവേശനോത്സവ സന്ദേശം നൽകി . സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി റോസമ്മ പി.ഡി. ചടങ്ങിന് സ്വാഗതം ആശംസിച്ചതോടൊപ്പം രക്ഷകർതൃ ,ബോധവത്ക്കരണവും നടത്തി. കേളകം ഗ്രാമപഞ്ചായത്ത് വാർഡ് മെമ്പർ ശ്രീ. ജോണി പാമ്പാടി, സി. ആർ സി ട്രെയിനർ ശ്രീ പ്രദീപ്. വൈ, എം പി ടി എ പ്രസിഡണ്ട് ശ്രീമതി. ജീമോൾ വർഗീസ്, കെ ജി സെക്ഷൻ പി ടി എ, എം പി ടി എ പ്രസിഡണ്ടുമാർഎന്നിവർ ആശംസകൾ അർപ്പിച്ചു. സീനിയർ അസിസ്റ്റന്റ് ശ്രീമതി ഷാലി പി.എൽ ചടങ്ങിന് നന്ദി പറഞ്ഞു. ചടങ്ങിനെ മനോഹരമാക്കാൻ കുട്ടികളുടെ വിവിധ കലാപരിപാടികളും ഉണ്ടായിരുന്നു. സ്കൂളിൽ എത്തിച്ചേർന്ന മുഴുവൻ ആളുകൾക്കും പായസം വിതരണം ചെയ്തു.



# പരിസ്ഥിതി ദിനാചരണം




05/06/2024

പരിസ്ഥിതി ദിനാചരണത്തിന്റെ പഞ്ചായത്ത് തല ഉദ്ഘാടനം കേളകം ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ സി.ടി.അനിഷ് നിർവഹിച്ചു. സ്കൂൾ ശീതകാല പച്ചക്കറി തോട്ട ഉദ്ഘാടനവും നിർവഹിച്ചു. കേളകം കൃഷി ഓഫീസർ ശ്രീ. സുനിൽ കെ ജി കുട്ടികൾക്ക് പരിസ്ഥിതി ദിന പ്രതിജ്ഞ ചൊല്ലി കൊടുക്കുകയും വൃക്ഷത്തൈ നടീൽ ഉദ്ഘാടനം നിർവഹിക്കുകയും ചെയ്തു. കുടുംബ ശ്രീയുടെ നേതൃത്വത്തിൽ നടന്ന മുരിങ്ങത്തൈ നടൽ ഉദ്ഘാടനം വാർഡ് മെമ്പർ ശ്രീമതി സുനിത വാത്യാട്ട് നിർവഹിച്ചു. പി ടി എ പ്രസിഡണ്ട് ശ്രീ സുജയ് ടി ജേക്കബ് അധ്യക്ഷത വഹിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി റോസമ്മ പി.ഡി. സ്വാഗതം അർപ്പിച്ചു. സ്കൂൾ പരിസ്ഥിതി സൗഹാർദ്ദമാക്കുന്നതിന്റെ ഭാഗമായി പരിസ്ഥിതി ക്ലബ്ബ് നല്ല പാഠം വിദ്യാർത്ഥികൾ സ്ഥാപിച്ച പെൻ ബോക്സിന്റെ ഉദ്ഘാടന കർമ്മം വാർഡ് മെമ്പർ ശ്രീ ജോണി പാമ്പാടി നിർവഹിച്ചു. വിദ്യാർത്ഥി പ്രതിനിധി കുമാരി എൽസിൻ ചാക്കോ പരിസ്ഥിതി ദിന സന്ദേശം നൽകി. പരിസ്ഥിതി ക്ലബ്ബ് കൺവീനർ ശ്രീ. ഷിജോ മാത്യു നന്ദി അർപ്പിച്ചു. വിവിധ മത്സരങ്ങളും കുട്ടികൾക്കായി സംഘടിപ്പിച്ചു.



# വിവിധ ക്ലബ്ബുകളുടെ ഉദ്ഘാടനവും ജനറൽബോഡി യോഗവും 12/06/2024



മഞ്ഞളാം പുറം യുപി സ്കൂളിൽ 2024-25 അധ്യയന വർഷത്തെ വിദ്യാരംഗം കലാ സാഹിത്യ വേദിയുടെയും വിവിധ ക്ലബ്ബുകളുടെയും ഉദ്ഘാടനം രാവിലെ 10 മണിക്ക് സ്കൂൾ ഹാളിൽ വച്ച് നടത്തി . സാഹിത്യകാരനും അധ്യാപകനുമായ ജിജോ ജേക്കബ് ചടങ്ങ് ഉദ്ഘാടനം ചെയ്തു. പ്രസ്തുത പരിപാടിയിൽ സ്കൂളിലെ വിദ്യാർത്ഥിയായ അനേഷ് കെ എ എഴുതിയ കവിത പ്രകാശനം ചെയ്യുകയും ചെയ്തു. സ്കൂൾ ഹെഡ്മിസ്ട്രസ് റോസമ്മ പി.ഡി അധ്യക്ഷത വഹിച്ചു. അധ്യാപക പ്രതിനിധി ശ്രീ. ബിനോയി റ്റി .ജെ ആശംസ അർപ്പിച്ചു. വിദ്യാരംഗം കൺവീനർ സിസ്റ്റർ സ്മിതാ ത്രേസ്യാമ്മ സ്വാഗതവും സിസ്റ്റർ മിനി തോമസ് നന്ദിയും അറിയിച്ചു കുമാരി എൽന 6 പാർട്ടി നാടൻ പാട്ട് അവതരിപ്പിച്ചു. ഉച്ചയ്ക്ക് ശേഷം ഈ വർഷത്തെ ആദ്യത്തെ ജനറൽ ബോഡി യോഗവും പി ടി എ എക്സിക്യൂട്ടീവ് കമ്മിറ്റി തെരഞ്ഞെടുപ്പും നടന്നു. ശ്രീ സുജയ് ടി ജേക്കബിന്റെ നേതൃത്വത്തിലുള്ള പതിനഞ്ചംഗ പി ടി എ എക്സിക്യൂട്ടീവ് അംഗങ്ങളെയും പത്തംഗ മദർ പി ടി എ അംഗങ്ങളെയും തിരഞ്ഞെടുത്തു.



പി ടി എ എക്സിക്യൂട്ടീവ് 2024-25

## വായന വാരാചരണം 19/06/2024





മഞ്ഞളാംപുറം യുപി സ്കൂളിൽ വായന വാരാചരണത്തിന് തുടക്കം കുറിച്ചു. അക്ഷരദീപം തെളിച്ചുകൊണ്ട് ഹെഡ്മിസ്ട്രസ് റോസമ്മ പി ഡി വായനാദിനാഘോഷം ഉദ്ഘാടനം ചെയ്തു. അധ്യാപക പ്രതിനിധി ബ്ലസി ടീച്ചർ വായനാദിന സന്ദേശം നൽകി. പുസ്തക താലപ്പൊലിയുമായി കുട്ടികൾ അസംബ്ലിയിൽ അണിചേർന്നു. കുട്ടികളിൽ വായനയോട് താൽപര്യം ജനിപ്പിക്കുന്ന രീതിയിലുള്ള അക്ഷര മരവും പ്രദർശിപ്പിച്ചു. കുട്ടികൾ വിവിധ കലാപരിപാടികൾ അവതരിപ്പിച്ചു. വായന വാരാചരണവുമായി ബന്ധപ്പെട്ട് വായനാദിന ക്വിസ്, വാർത്താവായന മത്സരം, പ്രസംഗമത്സരം കൈയക്ഷര മത്സരം തുടങ്ങിയവ നടന്നു

## ലഹരി വിരുദ്ധ ദിനാചരണം




ലഹരി വിരുദ്ദ ദിനാചരണത്തിന്റെ ഭാഗമായി ലഹരി വിരുദ്ധ സന്ദേശ സമ്മേളനം നടന്നു. ഹെഡ്മിസ്ട്രസ് റോസമ്മ പി ഡി, ഉദ്ഘാടനം ചെയ്തു. കുട്ടികൾ ലഹരി വിരുദ്ധ പ്രതിജ്ഞ എടുത്തു. കുട്ടികൾ സന്ദേശ ഗാനം ആലപിച്ചു

## ശീതകാല പച്ചക്കറി തോട്ടം



സ്കൂൾ കാർഷിക ക്ലബ്ബിന്റെ നേതൃത്വത്തിൽ ശീതകാല പച്ചക്കറി തോട്ടത്തിന്റെ നിർമ്മാണം നടന്നു. കേളകം കൃഷി ഭവനിൽ നിന്ന് ലഭിച്ച പച്ചക്കറി തൈകൾ കാർഷിക ക്ലബ് കൺവീനർ സി. നിഷ മാനുവൽ, സംഗീത ജോസ്, ദീപ്തി ജോർജ് തുടങ്ങിയവരുടെ നേതൃത്വത്തിൽ കുട്ടികൾ നട്ടുപിടിപ്പിച്ചു. സ്കൂൾ പി ടി എ യുടെ സഹകരണത്തോടെയാണ് പരിപാടി നടന്നത്.

## പി.ടി.എ യുടെ കൈത്താങ്ങ്



ആറളം ഫാം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ കുട്ടികൾക്ക് മഞ്ഞളാം പുറം യു.പി. സ്കൂളിലെ പി.ടി.എ യുടെ കൈത്താങ്ങ്. ചാരിറ്റി പ്രവർത്തനങ്ങളുടെ ഭാഗമായി ഫാമിലെ കുട്ടികൾക്ക് പഠനോപകരണങ്ങൾ വിതരണം ചെയ്തു ഹെഡ്മിസ്ട്രസ് റോസമ്മ പി ഡി, സ്കൂൾ പിടി എ പ്രസിഡന്റ് സുജയ് പി ജേക്കബ് തുടങ്ങിയവർ നേതൃത്വം നൽകി. കഴിഞ്ഞ വർഷങ്ങളിലും വിവിധങ്ങളായ പാലിയേറ്റിവ് പ്രവർത്തനങ്ങൾ നടത്തി ശ്രദ്ധ ആർജിച്ച മഞ്ഞളാം പുറം സ്കൂൾ പി ടി എ വിദ്യാഭ്യാസ വകുപ്പിന്റെയും തലശ്ശേരി അതിരൂപതയുടെയും വിവിധങ്ങളായ പുരസ്കാരങ്ങളും അംഗീകാരങ്ങളും നേടിയിരുന്നു.

# യോഗാ ദിനാചരണം



24/06/2024 യോഗാ ദിനത്തോട് അനുബന്ധിച്ച് സ്കൂൾ വിദ്യാർത്ഥികളുടെ യോഗാഭ്യാസ പ്രദർശനം നടന്നു. യോഗാ വിദഗ്ദ ഡോ. ഡിവിനാ പ്രഭാകരൻ കുട്ടികൾക്ക് ഇന്നത്തെ ജീവിത രീതികൾക്കിടയിൽ യോഗയുടെ പ്രാധാന്യത്തെക്കുറിച്ച് ക്ലാസ് എടുക്കുകയും തുടർന്ന് യോഗാ മാറ്റ് വിതരണവും നടന്നു.





# വായനത്തൊട്ടിൽ



വായനയുടെ പ്രാധാന്യം തിരിച്ചറിഞ്ഞ് പിറന്നാളാഘോഷങ്ങൾ ഒഴിവാക്കി ഏവർക്കും മാതൃകയായി മഞ്ഞളാംപുറം യുപി സ്കൂളിലെ വിദ്യാർഥികൾ സ്കൂളിൽ തയ്യാറാക്കിയിരിക്കുന്ന പുസ്തകത്തൊട്ടിലിലേക്ക് പുസ്തകങ്ങൾ സംഭാവനയായി നൽകുന്ന പദ്ധതി തുടർന്നുപോകുന്നു. സ്കൂളിലെ വിദ്യാർഥികൾക്ക് ഒഴിവുവേളകളിൽ സ്കൂൾ വരാന്തയിൽ സ്ഥാപിച്ചിരിക്കുന്ന പുസ്തകത്തൊട്ടിൽ നിന്നും സ്വതന്ത്രമായി പുസ്തകം വായിക്കുവാനുള്ള അവസരമാണ് ഇതിലൂടെ ഒരുക്കപ്പെടുന്നത്.




**സാധു കുട്ടികൾക്ക് പഠന സാമഗ്രി വിതരണം**



**ലഹരി വിരുദ്ധ ദിന പോസ്റ്റർ നിർമ്മാണം**



**കളർഫുൾ ക്ലാസ്സ് റൂം**



**ഗണിതം മധുരം**



**ഇല നിരീക്ഷണം**

## ബഷീർ ദിനാചരണം



മഞ്ഞളാം യുപി സ്കൂളിൽ ബഷീർ ദിനാചരണം നടന്നു. സ്കൂൾ ഹെഡ്മിസ്ട്രസ് റോസമ്മ പി ഡി ബഷീർ ദിനത്തെക്കുറിച്ച് കുട്ടികളോട് സംസാരിച്ചു. മലയാളം ക്ലബ്ബ് കൺവീനർ സിസ്റ്റർ സ്മിത ബഷീർ ദിന സന്ദേശം നൽകി. വിവിധങ്ങളായ ബഷീർ കഥാപാത്രങ്ങളെ കുട്ടികൾ അവതരിപ്പിച്ചു. ഏഴാം ക്ലാസ് വിദ്യാർത്ഥി ഷെറിൻ ബഷീറിന്റെ വിശ്വവിഖ്യാതമായ മൂക്ക് എന്ന പുസ്തകപരിചയം നടത്തി. ക്ലാസ് തലത്തിൽ കുട്ടികൾക്ക് ഒന്ന്, രണ്ട്, മൂന്ന് സ്ഥാനങ്ങൾ നൽകി





## ആറളം സ്കൂളിലെ കുട്ടികൾക്കായി വസ്ത്രങ്ങൾ





നല്ല പാഠം, സീഡ്, പിടിഎ എന്നിവയുടെ നേതൃത്വത്തിൽ ആറളം ഗവൺമെന്റ് ഹയർ സെക്കൻഡറി സ്കൂളിലെ കുട്ടികൾക്കായി വസ്ത്രങ്ങൾ എത്തിച്ചു നൽകി. മുൻപും ഒട്ടേറെ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തി ഈ കൂട്ടായ്മകൾ ശ്രദ്ധ ആകർഷിച്ചിട്ടുണ്ട്.

# പ്രഭാതഭക്ഷണ വിതരണം



പിന്നോക്ക വിഭാഗത്തിൽ പെടുന്ന കുട്ടികൾക്ക് സ്കൂൾ തലത്തിൽ പ്രഭാത ഭക്ഷണം നൽകുന്ന ആവിഷ്കരിച്ചു. കേളകം പഞ്ചായത്ത് പ്രസിഡണ്ട് ശ്രീ സി ടി അനീഷ് ഉദ്ഘാടനം ചെയ്തു.വാർഡ് മെമ്പർ സുനിത വാത്യാട്ട്, ഹെഡ്മിസ്ട്രസ് റോസമ്മ പി ടി, എന്നിവർ നേതൃത്വം നൽകി.

# ശ്രമദാനം





മഞ്ഞളാംപുറം യുപി സ്കൂൾ പിടിഎയുടെ ആഭിമുഖ്യത്തിൽ ശ്രമദാനം നടന്നു. സ്കൂളും പരിസരവും ശുചിയാക്കുകയും സ്കൂളിനോട് ചേർന്നുള്ള മുളങ്കാട് വൃത്തിയാക്കുകയും ചെയ്തു.

## റെസ്ക്യൂ ടീമിന് രൂപം നൽകി



മഴക്കെടുതിയിൽ ദുരിതമനുഭവിക്കുന്നവരെ സംരക്ഷിക്കുവാനും അവർക്ക് കൈത്താങ്ങ് ആകുവാനുമായി പി ടി എ യുടെ നേതൃത്വത്തിൽ റെസ്ക്യൂ ടീമിന് രൂപം നൽകി. പിടിഎ പ്രസിഡണ്ട് സുജയുടെ നേതൃത്വത്തിലുള്ള ടീം സഹായ സന്നദ്ധമാണ്.



**ക്ലീൻ കാമ്പസ്**



**ഐ ടി @ സ്കൂൾ**



**കൊളാഷ് നിർമാണം**

# നേട്ടങ്ങൾ



**എ ഡി എസ് യു മികച്ച ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് നൽകുന്ന ബെസ്റ്റ് സ്കൂൾ അവാർഡ് മഞ്ഞളാംപുറം യു പി സ്കൂൾ കരസ്ഥമാക്കി.**




**കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്നും ബി ബി എ എൽ എൽ ബി റാങ്ക് കരസ്ഥ മാക്കിയ പൂർവ വിദ്യാർത്ഥി സാന്ദ്ര മരിയ കോശിക്ക് ആദരം**

**മഞ്ഞളാംപുറം യുപി സ്കൂളിൽ 2024-2025 വർഷത്തെ സ്കൂൾ പാർലമെന്റ് തെരഞ്ഞെടുപ്പ് 28/06/2024 നു നടന്നു. സ്കൂൾ ലീഡർ എൽന സുനിൽ, ഡെപ്യൂട്ടി ലീഡർ ദിയ ബിദേഷ്, സാഹിത്യ സമാജം സെക്രട്ടറി എൽസിൻ ചാക്കോ, ജോയിന്റ് സെക്രട്ടറി മെറിൽ വർഗീസ്. എന്നിവർ തിരഞ്ഞെടുക്കപ്പെട്ടു.**



**സ്കൂൾ ലീഡർ**
**എൽന സുനിൽ**



**ഡെപ്യൂട്ടി ലീഡർ**
**ദിയ ബിദേഷ്**



**സെക്രട്ടറി**
**എൽസിൻ ചാക്കോ**



**ജോയിന്റ് സെക്രട്ടറി**
**മെറിൽ വർഗീസ്.**

**കേളകം ഇ എം എസ് വായനശാല നടത്തിയ വായനാ മത്സരത്തിൽ മറിയം എലിസബത്ത് എൽദോ ഒന്നാം സ്ഥാനവും ആസ്വാദനക്കുറിപ്പ് മത്സരത്തിൽ അമയ അനിൽ മൂന്നാം സ്ഥാനവും നേടി.**



**മറിയം എലിസബത്ത് എൽദോ**



**അമയ അനിൽ**

**വിദ്യാർഥികളിലെ വായന ശീലത്തെ വളർത്തുവാനായി രണ്ടാം ക്ലാസ്സ് വിദ്യാർത്ഥികൾക്കായി ഒരു വർഷക്കാലത്തേക്ക് കഥാ പുസ്തകം സ്പോൺസർ ചെയ്യുന്ന ആൻഡ്രിയ അൽഫോൻസാ സുജയ്ക്ക് അഭിനന്ദനങ്ങൾ.**



**മലയാള മനോരമ നല്ല പാഠം പുരസ്കാരം മഞ്ഞളാംപുറം യുപി സ്കൂളിന്.**







മികച്ച നല്ല പാഠം പ്രവർത്തനങ്ങൾക്ക് ജില്ലാ തലത്തിൽ രണ്ടാം സ്ഥാനം നേടുവാൻ നമ്മുടെ സ്കൂളിന് സാധിച്ചു. സ്കൂൾ ഹെഡ്മിസ്ട്രസ് ശ്രീമതി റോസമ്മ പി ഡി,നല്ല പാഠം കോഡിനേറ്റർ ശ്രീമതി ബ്ലസി മോൾ കെ ഡി.,സഹ കോഡിനേറ്റർ ശ്രീമതി ചിഞ്ചു ജോൺ എന്നിവർ മന്ത്രി കടന്നപ്പള്ളി രാമചന്ദ്രനിൽ നിന്നും നല്ല പാഠം പുരസ്കാരം ഏറ്റുവാങ്ങുന്നു



**മലയാള മനോരമ നല്ല പാഠം അറിവിന്റെ ആത്മനിർമ്മാണം ജില്ലാതല വിജയി ഡിഗ്ന മരിയ ജോബി പുരസ്കാരം ഏറ്റുവാങ്ങുന്നു**

# കലകളിലൂടെ...






**Einsteina Rojo**
**III C**



**Sivaranjini**
**IV B**






കൃഷ്ണഗാഥയിലെ,,വെണ്ണക്കണ്ണൻ എന്ന കവിതയുടെ ദൃശ്യാവിഷ്ക്കാരം. : ആൻലിൻ അന്ന ജോൺ & ഇവാന മരിയ ഷിജോ





**Fred James Jaiso**
**II B**







**Emmanuel John Eldo**
**IV B**






**Abishek**
**VI C**





**Elna Sunil**
**VII B**





**Crispin P Shaijo**
**II B**






**Digna Mariya Joby**
**VII C**

# ലഹരി

പെറ്റൊരമ്മയെ ദു:ഖിതയാക്കിടും
മക്കളാം ദ്രോഹികൾ നമ്മൾ മാത്രം

ഓരോ അടിയിലും മാലിന്യത്താളിലായ്
നിൽക്കുന്നൊരോർമയിൽ ഭൂമിയമ്മ

അമ്മയാണുണ്മ ഭൂമിയാണമ്മ
നാം കാരണമമ്മ കേണിടുന്നു

നമ്മുടെ ലീലകൾ നന്മയുടെ ലീലയോ
വേലകൾ കാട്ടി നാമറിയാതെ തന്നെ
കോലാഹലത്തിൽ മുഴുകിടുന്നു
ലഹരിക്കടിപ്പെട്ടൊഴുകീടുന്നു



മാലിന്യം വേണ്ട വിഷ മരുന്നു വേണ്ട
മാതാവിനേ കൊല്ല ദേഹദണ്ഡം



Agnesh K A
VII C


നമ്മുടെ ലഹരിയി നമ്മുടെ മണ്ണ്
നമ്മുടെ ലഹരിയി ഭൂമി... ഭൂമി

നമ്മുടെ ലഹരിയി മണ്ണ്... മണ്ണ്... മണ്ണ്...



**Amal Prasanth**
**III B**







**John Joseph**
**III B**





**Anviya Shineesh**
**VI C**



**Parvanendu**
**VI C**






**Riyamol M R**
**VI A**
**(PAPER ART)**



**Jumiya Ann Aju**
**VII C**
**(LEAF ART)**



**Avani Manoj**
**VII C**
**(LEAF ART)**




# MANHALAMPURAM UP SCHOOL

## KELAKAM 670674